അഖിലേൻഡ്യാ ടൂർണ്ണമെൻറിൽ പങ്കെടുക്കുന്നവർക്ക് ഗ്രെയ്സ് മാർക്ക് നൽകണമെന്ന ശുപാർശ

*352 [371] ശ്രീ. പി. ജെ. ജോസഫ്:

ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൻെറ സ്പോർട്ട്സ് ഗെയിംസ് ടീമുകൾ അഖിലേൻഡ്യാ ടൂർണ്ണമെൻറിൽ പങ്കെടുത്താൽ അങ്ങനെ പങ്കെടുക്കുന്നവർക്ക് പബ്ലിക് പരീക്ഷകൾക്ക് അഞ്ചു ശതമാനം ഗ്രെയ്സ് മാർക്ക് നൽകണമെന്ന ഒരു ശുപാർശ സ്പോർട്സ് കൗൺസിലിൽനിന്നും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ശുപാർശ കേരളാ ഗവൺമെൻറ് കേരളാ കാലിക്കറ്റ് യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ യൂണിവേഴ്സിറ്റികൾ ഇത് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കുവാൻ വേണ്ട സമ്മർദ്ദം ഗവൺമെൻറ് ചെലുത്തുമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കോളേജ്, യൂണിവേഴ്സിറ്റി തല മൽസരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് രണ്ടു യൂണിവേഴ്സിറ്റികളും ഭിന്ന രീതികളിൽ ഗ്രേസ് മാർക്കിൻെറ ആനുകൂല്യങ്ങൾ നൽകുന്നു. ദേശീയ മൽസരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് ഈ ആനുകൂല്യം നൽകുന്നില്ല. ഈ കാര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ലോക തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

*353 [372] ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാനത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഗവൺമെൻറിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly